# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 56.          09.03.2015-ൽ മറുപടിയ്ക്ക്.

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്**

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നിന്നും ഏതെല്ലാം വകുപ്പുകളെ ഒഴിവാക്കിയിട്ടുണ്ട്;<br><br>(ബി) ഇത് സംബന്ധമായി ഇറങ്ങിയ ഉത്തരവുകളിൽ മാറ്റങ്ങൾ വരുത്തുകയുണ്ടായിട്ടുണ്ടോ; | **(എ)യും (ബി)യും**<br>കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് മുൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി സമർപ്പിച്ച "ദി കേസ് ഫോർ കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്" എന്ന പേരിലുള്ള പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് (16/08/2014-ലെ സ.ഉ.(എം.എസ്) നം.228/14/പൊ.ഭ.) പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത കമ്മിറ്റി സമർപ്പിച്ച ഭേദഗതി റിപ്പോർട്ടും സർക്കാർ അംഗീകരിച്ച് (05.01.2015-ലെ സ.ഉ.(എം.എസ്.) നം. 1/15/പൊ.ഭ.വ., 08.01.2015-ലെ സ.ഉ.(എം.എസ്.) നം. 9/15/പൊ.ഭ.വ) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി മന്ത്രിസഭാ ഉപസമിതി ചർച്ച നടത്തുകയുണ്ടായോ; തീരുമാനം വിശദമാക്കാമോ; | (സി) ഇല്ല. |
| (ഡി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചതിന്റെ ലക്ഷ്യം എന്തായിരുന്നു; ഇത് ചില വകുപ്പുകളുടെ കാര്യത്തിൽ വേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളതിന്റെ കാരണം വെളിപ്പെടുത്താമോ? | (ഡി) സർക്കാർ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് ഇത് സംബന്ധിച്ച് അംഗീകരിച്ച പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളത്. മറ്റു കാര്യങ്ങൾ തീരുമാനിച്ചിട്ടില്ല. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ